LIBRARY ARCHIVES Kerala Legislative Assembly

എല്ലാ കൃഷി ഭവന്റെ പരിധിയിലും കേന്ദ്രാവിഷ്കൃത പദ്ധതിയനുസരിച്ച് കാമ്പയിനുകൾ സംഘടിപ്പിക്കുന്നുണ്ട്. ഇവ കൃഷിസ്ഥലം കേന്ദ്രീകരിച്ചാണ് നടത്തുക. ഇപ്രകാരം സംസ്ഥാനത്തുടനീളം മണ്ണിന്റെ സാമ്പിളുകൾ പരിശോധിക്കപ്പെടുന്നു.

ഇതിനുപുറമേ സംസ്ഥാന ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ കോൾ മേഖലയിലും കുട്ടനാട് മേഖലയിലും കേരള കാർഷിക സർവ്വകലാശാലയും കൃഷി വകുപ്പും സന്നദ്ധ സംഘടനയും ചേർന്ന് രണ്ടു വർഷംകൊണ്ട് മുഴുവൻ പ്രദേശത്തെയും സാമ്പിളുകൾ പരിശോധിക്കാൻ നടപടി സ്വീകരിച്ചുകഴിഞ്ഞു.

(ഡി) സംവിധാനം ഇപ്പോൾതന്നെ ഏർപ്പെടുത്തിയിട്ടുണ്ട്. മണ്ണുപരിശോധനയുടെ റിസൾട്ടിന്റെ അടിസ്ഥാനത്തിൽ കർഷകൻ ഉപയോഗിക്കേണ്ട മൂലകങ്ങളുടെ അളവും വളത്തിന്റെ അളവും ചേർത്തിരിക്കും. ഇതിനുപുറമേ ഓരോ കാമ്പയിനിലും ഉദ്യോഗസ്ഥർ ക്ലാസെടുക്കുകയും ചെയ്യുന്നുണ്ട്. മണ്ണുപരിശോധനാ റിസൾട്ടിന്റെ കാര്യത്തിലെ ഏതു സംശയവും ദൂരീകരിക്കുന്നതിന് തൊട്ടടുത്ത കൃഷി ഭവനുമായി ബന്ധപ്പെടാവുന്നതാണ്. കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം കർഷകർക്ക് ബോധവൽക്കരണ ക്ലാസ്, ഡെമോൺസ്ട്രേഷൻ പ്ലോട്ടുകൾ എന്നീ പദ്ധതികൾ ഉണ്ട്.

**എനർജി മാനേജ്മെന്റിന്റെ പ്രവർത്തനങ്ങൾ**

25 (*445) ശ്രീ. എം. മുരളി :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ദുരുപയോഗം തടയാനും എനർജി മാനേജ്മെന്റിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനും ഊർജ്ജ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എനർജി മാനേജ്മെന്റ് സെന്റർ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) സർക്കാർ സ്ഥാപനങ്ങളെ എനർജി എഫിഷ്യന്റ് ബിൽഡിംഗുകളായി മാറ്റുന്നതിന് ഈ സെന്ററിന്റെ നേതൃത്വത്തിൽ എന്തൊക്കെ സേവനങ്ങളാണ് നൽകുന്നത് ;

(സി) സംസ്ഥാന സെക്രട്ടറിയേറ്റിനെ മാതൃക എഫിഷ്യന്റാക്കി മാറ്റുന്നതിന് ഇനിയും എന്തൊക്കെ സജ്ജീകരണങ്ങളാണ് നടപ്പിലാക്കാനുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ വർഷം ഇത്തരത്തിൽ മറ്റേതൊക്കെ സർക്കാർ സ്ഥാപനങ്ങളെ മാതൃക എഫിഷ്യന്റ് ബിൽഡിംഗുകളായി മാറ്റാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) കേരളത്തിൽ എല്ലാ മേഖലയിലും കാര്യക്ഷമമായ ഊർജ്ജ മാനേജ്മെന്റ് ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടുകൂടി എനർജി മാനേജ്മെന്റ് സെന്റർ നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു. 2001-ൽ ഇ.എം.സി. നടത്തിയ പഠനത്തിലാണ് കേരളത്തിലെ വൈദ്യുതി വിതരണ രംഗത്ത് 32% ഊർജ്ജനഷ്ടം ഉണ്ടാകുന്നു എന്ന് തെളിഞ്ഞത്. അതിനു ശേഷം കെ.എസ്.ഇ.ബി. നടത്തിയ പല ഊർജ്ജ കാര്യക്ഷമത പ്രവർത്തനങ്ങൾകൊണ്ടും നഷ്ടം 18.4% ആയി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതുകൂടാതെ 3 ട്രാൻസ്ഫോമർ സ്റ്റേഷനുകളിൽ പഠനം നടത്തുകയും വൈദ്യുതി വിതരണ ലൈനുകളിൽ ലോഡ് ബാലൻസ് ചെയ്താൽ നല്ലൊരളവ് ഊർജ്ജ നഷ്ടം കുറയ്ക്കുവാൻ സാധിക്കും എന്ന് കണ്ടെത്തിയിട്ടുണ്ട്.

കേരളത്തിലെ വിവിധ മേഖലകളിലെ ഊർജ്ജ സംരക്ഷണ സാധ്യതകൾ കണ്ടെത്തുന്നതിനുള്ള ഒരു പഠനം നാഷണൽ പ്രൊഡക്ടിവിറ്റി കൗൺസിലുമായി ചേർന്ന് നടത്തുകയും കാർഷിക മേഖലയിൽ 70 മില്ല്യൺ യൂണിറ്റും, വാണിജ്യ മേഖലയിൽ 102-ഉം മുനിസിപ്പാലിറ്റിയിൽ 8.7-ഉം ഗാർഹിക മേഖലയിൽ 1130-ഉം വ്യവസായ മേഖലയിൽ 247 മില്ല്യൺ യൂണിറ്റുമാണെന്ന് കണക്കാക്കിയിട്ടുണ്ട്.

22 സർക്കാർ കെട്ടിടങ്ങളിൽ ഇൻവെസ്റ്റ്മെന്റ് ഗ്രേഡ് എനർജി ഓഡിറ്റിംഗ് പൂർത്തിയാക്കുകയും പഠന റിപ്പോർട്ടുകൾ നടപ്പിൽ വരുത്തുന്നതിനുള്ള തുടർപ്രവർത്തനം നടത്തുകയും ചെയ്യുന്നുണ്ട്. (അനുബന്ധം-1)*

പൊതുമേഖലാ സ്ഥാപനങ്ങളിൽ ഊർജ്ജ മാനേജർമാരെ നിയോഗിക്കുന്നതിന് മുൻകൈയെടുക്കുകയും, അവിടങ്ങളിലെ ഉദ്യോഗസ്ഥർക്കായി ഊർജ്ജ കാര്യക്ഷമതാ വിഷയങ്ങളിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്.

കേരളത്തിലെ വൈദ്യുതി ഉപയോഗത്തിന്റെ 46% ഉപയോഗിക്കുന്നത് ഗാർഹിക മേഖലയിലായതിനാൽ വീട്ടമ്മമാരിൽ ഊർജ്ജ സംരക്ഷണത്തെപ്പറ്റി അവബോധം സൃഷ്ടിക്കുന്നതിനുവേണ്ട ഊർജ്ജ ക്ലിനിക്ക് എന്ന പരിപാടി നടത്തിവരുന്നു. പരിശീലനം ലഭിച്ച വനിതാ വാളണ്ടിയർമാർ അവരവരുടെ പ്രദേശങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നു. ഒരുവർഷം 30000-ത്തോളം സ്ത്രീകൾ പങ്കെടുക്കുന്ന 1000 ക്ലിനിക്കുകൾ ഇത്തരത്തിൽ നടന്നുവരുന്നുണ്ട്. ലോകശ്രദ്ധ പിടിച്ചുപറ്റിയ ഈ പരിപാടി മാതൃകയാക്കിയുണൈറ്റഡ് സ്റ്റേറ്റ്സ് ഏജൻസി ഫോർ ഇന്റർ നാഷണൽ ഡെവലപ്പ്മെന്റിന്റെ സൗത്ത് ഏഷ്യ റീജിയണൽ ഇനീഷ്യേറ്റീവ് എനർജി (USAID/SARIE) എനർജി മാനേജ്മെന്റ് സെന്ററുമായി ചേർന്ന് സാർക്ക് രാജ്യങ്ങളിലെ തെരഞ്ഞെടുത്ത വനിതാ പ്രതിനിധികൾക്ക് പരിശീലനം നൽകി വരുന്നുണ്ട്. ഈ മേഖലയിൽ കൂടുതൽ പരിശീലന പരിപാടികളും ഗവേഷണങ്ങളും നടത്തുന്നതിനുവേണ്ടി WISER (Women Institute for Sustainable Energy Research) എന്ന സ്ഥാപനവും ഇ.എം.സി.യിൽ സ്ഥാപിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പൊതുജനബോധവൽക്കരണത്തിനായി വ്യക്തികൾ, സന്നദ്ധ സംഘടനകൾ, പബ്ലിക് ലൈബ്രറികൾ തുടങ്ങിയ പല സ്ഥാപനങ്ങളും, സംഘടനകളുമായി ചേർന്ന് ബോധവൽക്കരണ ക്ലാസ്സുകൾ, പരിശീലന പരിപാടികൾ, എക്സിബിഷനുകൾ എന്നിവ സംഘടിപ്പിച്ചുവരുന്നു.

കുട്ടികളിൽ ഊർജ്ജ സംരക്ഷണ അവബോധം വളർത്തുന്നതിനുവേണ്ടി വിദ്യാലയങ്ങളിൽ ഊർജ്ജ സംരക്ഷണ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലതോറും ഒരു സ്കൂളിൽ ഊർജ്ജ സംരക്ഷണ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ടച്ച് സ്ക്രീൻ കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു.

മാധ്യമങ്ങളുടെ സഹകരണത്തോടുകൂടി വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി സംഘടിപ്പിച്ച മത്സര പരിപാടികളിലൂടെ ലാഭിക്കാൻ കഴിഞ്ഞത് 216 മില്ല്യൻ യൂണിറ്റ് വൈദ്യുതി ആണ്.

ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുവേണ്ടി ഊർജ്ജ സംരക്ഷണ നിധി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഇ.എം.സി. യുടെ കീഴിൽ ഒരു എനർജി എഫിഷ്യൻസി കമ്പനി രൂപീകരിക്കാനും ലക്ഷ്യമിടുന്നുണ്ട്.

കൂടുതൽ വൈദ്യുതി ലാഭം നേടിത്തരുന്ന എൽ.ഇ.ഡി.(ലൈറ്റ് എമിറ്റിംഗ് ഡയോഡ്സ്) ഇന്ന് വ്യാപകമായി ഉപയോഗിച്ചുവരുന്നുണ്ട്. തെരുവുവിളക്കുകളിൽ ഇവ ഉപയോഗിക്കുന്നതിനുള്ള പ്രാരംഭ നടപടിയായി തിരുവനന്തപുരം വെള്ളയമ്പലം-വഴുതക്കാട് റോഡിലെ 1.5 കിലോമീറ്റർ റോഡിൽ എൽ.ഇ.ഡി. തെരുവ് വിളക്ക് ഘടിപ്പിക്കുന്നതിനുള്ള ടെൻഡർ പരിപാടികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിലെ ഒരു വില്ലേജിലെ ഏകദേശം 230-ഓളം വീടുകളിൽ എൽ.ഇ.ഡി. ലൈറ്റുകളും 50 തെരുവു വിളക്കുകളും നൽകിയിട്ടുള്ള ഒരു ഡെമോൺസ്ട്രേഷൻ പദ്ധതിയും നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്.

(ബി) സർക്കാർ സ്ഥാപനങ്ങളെ എനർജി എഫിഷ്യന്റ് ആക്കുന്നതിനുവേണ്ടി 10 ശതമാനം ഊർജ്ജ ലാഭം ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തണമെന്ന സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള ശുപാർശ ചെയ്യുകയും, ഉത്തരവ് നിലവിൽ വരികയും ചെയ്തിട്ടുണ്ട്. 22 സർക്കാർ കെട്ടിടങ്ങളിൽ ഊർജ്ജ ഓഡിറ്റിംഗ് പൂർത്തിയാക്കി. റിപ്പോർട്ട് നടപ്പിൽ വരുത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

(സി&ഡി) സെക്രട്ടേറിയറ്റിലെ ഊർജ്ജ കാര്യക്ഷമത പ്രവർത്തനത്തിന്റെ ഭാഗമായി ഊർജ്ജ ഓഡിറ്റിംഗ് നടത്തുകയും 20% ഊർജ്ജ സംരക്ഷണ സാധ്യത കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. എനർജി എഫിഷ്യൻസി കമ്പനി നിലവിൽ വന്നു കഴിഞ്ഞാൽ എനർജി സർവ്വീസ് കമ്പനി മോഡലിൽ സെക്രട്ടേറിയറ്റ്, നിയമസഭാ മന്ദിരം, ഹൈക്കോടതി മന്ദിരം, മസ്കറ്റ് ഹോട്ടൽ എന്നിവിടങ്ങളിൽ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly